(ബി) 2001-2002 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

	പൊതു മേഖല	*സഹകാരി മേഖല*	*വിദേശ നിക്ഷേപം*	*സംയുക്ത മേഖല*
കെ. എസ്. ഐ. ഡി. സി. യുടെ ആഭിമുഖ്യത്തിൽ	ഇല്ല	325.84 കോടി	46.42 കോടി	ഇല്ല
വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ	ഇല്ല	75,890 ലക്ഷം	ഇല്ല	ഇല്ല
കിൻഫ്രയുടെ ആഭിമുഖ്യത്തിൽ	ഇല്ല	66 കോടി	ഇല്ല	350 ലക്ഷം

പഞ്ചായത്തുകളിൽ ചെറുകിട വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

117 [1290] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ ചെറുകിട വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

സിഡ്കോയുടെ അധീനതയിൽ ഓരോ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പഞ്ചായത്തുകൾ ഭൂമി നൽകുന്ന മുറയ്ക്ക് കൂടുതൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പ്രഭുറാം മില്ലിലെ ജീവനക്കാരുടെ സേവന-വേതന കരാർ

118 [1291] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഭുറാം മില്ലിലെ ജീവനക്കാരുടെ സേവന-വേതന സംബന്ധമായ ദീർഘകാല കരാർ ഒപ്പുവച്ചതെന്നാണ്;

(ബി) 6-12-2001-ൽ ഒപ്പുവച്ച കരാർ ഇതുവരെ നടപ്പാക്കിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കരാറിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) സർക്കാരും യൂണിയനുകളും മാനേജ്മെന്റും തമ്മിലുണ്ടാക്കിയ ദീർഘകാല കരാറിന് അംഗീകാരം നൽകി കരാർ വ്യവസ്ഥ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഭുറാം മില്ലിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാരുടെ സേവന-വേതനം സംബന്ധിച്ചുള്ള ദീർഘകാല കരാർ 23-3-2001-ലും സ്റ്റാഫ് കാറ്റഗറിയിലെ ജീവനക്കാരുടെ സേവന-വേതന കരാർ 6-12-2001-ലും ഒപ്പുവയ്ക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) & (ഡി) സംസ്ഥാനതലത്തിൽ ടെക്സ്റ്റൈൽ ഐ. ആർ. സി.-യുടെ ദീർഘകാല കരാർ ഒപ്പുവച്ചിട്ടില്ല എന്ന കാരണത്താലാണ് അംഗീകാരം നിരസിച്ചിട്ടുള്ളത്.

മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടാൻ നിർദ്ദേശിച്ചിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ

119 [1292] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്ത് അടച്ചുപൂട്ടാൻ നിർദ്ദേശിച്ചിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ എത്രപേർ ജോലിയെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും സ്ഥാപനങ്ങൾ നിലനിർത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹസ്സാർഡസ്സ് വേസ്റ്റ് ചട്ടങ്ങൾ ലംഘിച്ച 198 വ്യവസായങ്ങൾക്ക് ബോർഡ് അടച്ചുപൂട്ടൽ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത വ്യവസായങ്ങളുടെ പട്ടിക അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly